©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

# സബ്ജക്ട് കമ്മിറ്റി X
# (വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും)

## 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

2021 ജൂലൈ 26-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനഞ്ചാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി X
# (വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും)

## 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

940/2021

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി X
# വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും
# (2021-2023)

**ഘടന**

ചെയർമാൻ :

ശ്രീ. എ. കെ. ശശീന്ദ്രൻ,
വനം-വന്യജീവി വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. പി. എ. മുഹമ്മദ് റിയാസ്,
പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എം.എൽ.എ.

ശ്രീ. സി. കെ. ഹരീന്ദ്രൻ, എം.എൽ.എ.

ശ്രീ. കെ. യു. ജനീഷ് കുമാർ, എം.എൽ.എ.

ശ്രീ. എം. മുകേഷ്, എം.എൽ.എ.

ശ്രീ. നജീബ് കാന്തപുരം, എം.എൽ.എ.

ശ്രീ. എ. രാജ, എം.എൽ.എ.

ശ്രീ. സണ്ണി ജോസഫ്, എം.എൽ.എ.

ശ്രീ. പി. എസ്. സുപാൽ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. റെജി. ബി., ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. വേണുഗോപാൽ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ലാലി വി. എസ്., അണ്ടർ സെക്രട്ടറി.

## അവതാരിക

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളടങ്ങുന്ന റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥന (എക്കോളജിയും എൻവയോൺമെന്റും, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്) ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥന, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥന, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥന എന്നിവയിന്മേലുള്ള സബ്ജക്ട് കമ്മിറ്റി X-ന്റെ 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് 2020 മാർച്ച് 2-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. ഈ റിപ്പോർട്ടിൽ വനം, പരിസ്ഥിതി, വിനോദസഞ്ചാരം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് ആകെ 47 ശിപാർശകളാണ് ഉണ്ടായിരുന്നത്. പ്രസ്തുത ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമായ മറുപടികൾ 21-6-2021, 28-6-2021 എന്നീ തീയതികളിൽ ചേർന്ന യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശവും ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2021 ജൂലൈ 5-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

എ. കെ. ശശീന്ദ്രൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി X.*

തിരുവനന്തപുരം,
2021 ജൂലൈ 5.

# റിപ്പോർട്ട്

അദ്ധ്യായം 1

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X (2019-2021)-ന്റെ 2020-2021 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ വനം, പരിസ്ഥിതി, വിനോദസഞ്ചാരം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ളതാണ് ഈ റിപ്പോർട്ട്.

## ധനാഭ്യർത്ഥന നമ്പർ XXXIV

### വനം

ശിപാർശ

2406-01-003-97

വാളയാറിലും, അരിപ്പയിലും, പി.ടി.പി. നഗറിലുമുള്ള പരിശീലന കേന്ദ്രങ്ങളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ബീറ്റ് ഫോറസ്റ്റ് ഓഫീസർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവർക്കുള്ള തുടർച്ചയായ പരിശീലന പരിപാടി നടത്തുന്നതിനും ഇൻഡ്യൻ ഫോറസ്റ്റ് സർവ്വീസിലെ പ്രൊബേഷണർ തസ്തികയിലെ പരിശീലനത്തിനുള്ള വകയിൽ 1 കോടി രൂപ കേന്ദ്ര സർക്കാരിന് നൽകുന്നതിനും നടപ്പുവർഷത്തെ ബഡ്ജറ്റ് വിഹിതം ഉപയോഗിക്കേണ്ടതിനാൽ നിലവിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2.1 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ 3.215 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ ചെലവഴിച്ചിട്ടുണ്ട്. നിലവിലെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ച് തീർന്നിട്ടില്ലാത്തതിനാൽ ശിപാർശ ചെയ്ത അധിക തുക വകയിരുത്തിയിട്ടില്ല.

ശിപാർശ

2406-01-004-92

ശാസ്ത്രീയമായ വനപരിപാലനം, ഫീൽഡ് സർവ്വേ, വനവിഭവങ്ങളുടെ വിവരശേഖരണത്തിന്റെയും കണ്ടെത്തലുകളുടെയും അടിസ്ഥാനത്തിൽ പ്രവർത്തന പദ്ധതികൾ തയ്യാറാക്കൽ, നിലവിലുള്ള ഗവേഷണങ്ങൾ തുടരുന്നതിനും പുതിയ ഗവേഷണ

പരീക്ഷണങ്ങൾ നടത്തുന്നതിനും മെച്ചപ്പെട്ട ഉൽപ്പാദനത്തിനായി നല്ലയിനം വിത്തുകൾ, തേക്ക്, ചന്ദനം തുടങ്ങിയവയ്ക്കായി വിത്തുൽപ്പാദന കേന്ദ്രങ്ങൾ സജ്ജീകരിക്കൽ, വനം വകുപ്പിന്റെ പ്രവർത്തന പദ്ധതി തയ്യാറാക്കൽ മുതലായ പ്രവൃത്തികൾ ലക്ഷ്യമിടുന്ന ഈ പദ്ധതിയ്ക്കായി നടപ്പുവർഷം അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

<u>സ്വീകരിച്ച നടപടി</u>

2020-21 സാമ്പത്തിക വർഷത്തിൽ 1.467 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ ചെലവഴിച്ചിട്ടുണ്ട്. നിലവിലെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ച് തീർന്നിട്ടില്ലാത്തതിനാൽ ശിപാർശ ചെയ്ത അധിക തുക വകയിരുത്തിയിട്ടില്ല.

<u>ശിപാർശ</u>

2406-01-101-94

നശിച്ചുപോയ വനങ്ങളും തോട്ടങ്ങളും പുനരുജ്ജീവിപ്പിക്കുന്നതിനായി തദ്ദേശീയ ഇനം തൈകൾ വച്ചുപിടിപ്പിക്കേണ്ടത് വനസംരക്ഷണത്തിന്റെ പ്രഥമ ചുമതലകളിലൊന്നാണ്. 400 ഹെക്ടറിൽ പുതിയ തോട്ടങ്ങൾ വച്ചുപിടിപ്പിക്കുവാനും, നിലവിലുള്ള 350 ഹെക്ടർ തോട്ടം സംരക്ഷിക്കുവാനും, 3 ലക്ഷം വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിക്കുവാനും നടപ്പുസാമ്പത്തിക വർഷം ലക്ഷ്യമിടുന്നതായി സമിതി മനസ്സിലാക്കുന്നു. ഈ പ്രവൃത്തികൾക്കായി വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2.08 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

<u>സ്വീകരിച്ച നടപടി</u>

2020-21 സാമ്പത്തിക വർഷത്തിൽ 2.746 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ ചെലവഴിച്ചിട്ടുണ്ട്. സാമ്പത്തിക വർഷം അവസാനത്തോടെ മാത്രം മേൽ തുക ചെലവഴിച്ച് തീർന്നതിനാലും, ഇതിനകം അവസാന ബാച്ച് ഉപധനാഭ്യർത്ഥന നിയമസഭയിൽ പാസ്സായതിനാലും, സാമ്പത്തിക വർഷത്തിന്റെ അവസാന നാളുകളിൽ അധിക ഫണ്ട് അനുവദിച്ചാൽ ചെലവാക്കുവാനോ ക്രമീകരിക്കുവാനോ അസാധ്യമായതിനാലും ശിപാർശ ചെയ്ത അധിക തുക വകയിരുത്തിയിട്ടില്ല.

ശിപാർശ

2406-01-101-81

വനമേഖലയുടെ മെച്ചപ്പെട്ട രീതിയിലുള്ള പരിപാലനത്തിന് വനമേഖലയുടെ ഏകീകരണം, വനാതിർത്തികളുടെ സ്ഥായിയായ വേർതിരിക്കൽ, വനസംരക്ഷണത്തിന് കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ, മണ്ണ്-ജലസംരക്ഷണ പ്രവൃത്തികൾ എന്നിവ അത്യന്താപേക്ഷിതമാണ്. നിലവിലുള്ള വനവിഭവങ്ങൾ സംരക്ഷിക്കുക, പരിപാലിക്കുക, പുനരുദ്ധരിക്കുക തുടങ്ങിയ മാനദണ്ഡങ്ങളിലൂന്നിയുള്ള പ്രവൃത്തികൾക്കായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. കൂടാതെ 2019-20-ലെ ബഡ്ജറ്റ് വിഹിതത്തെക്കാൾ 3 കോടി രൂപയുടെ കുറവ് ഈ സാമ്പത്തികവർഷത്തെ വിഹിതത്തിൽ വന്നിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ 24.959 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ ചെലവഴിച്ചിട്ടുണ്ട്. സാമ്പത്തിക വർഷം അവസാനത്തോടെ മാത്രം മേൽ തുക ചെലവഴിച്ച് തീർന്നതിനാലും, ഇതിനകം അവസാന ബാച്ച് ഉപധനാഭ്യർത്ഥന നിയമസഭയിൽ പാസ്സായതിനാലും, സാമ്പത്തിക വർഷത്തിന്റെ അവസാന നാളുകളിൽ അധിക ഫണ്ട് അനുവദിച്ചാൽ ചെലവാക്കുവാനോ ക്രമീകരിക്കുവാനോ അസാധ്യമായതിനാലും ശിപാർശ ചെയ്ത അധിക തുക വകയിരുത്തിയിട്ടില്ല.

ശിപാർശ

2406-01-800-57

ഫോറസ്റ്റ് സ്റ്റേഷനുകളിലെ കമ്പ്യൂട്ടർവൽക്കരണം, വകുപ്പിന്റെ എല്ലാ ഓഫീസുകളും തമ്മിൽ നെറ്റ്‌വർക്ക് കണക്റ്റിവിറ്റി ഏർപ്പെടുത്തൽ, ഇന്റർനെറ്റ് കണക്ഷൻ ഉള്ള പുതിയ കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ, സോഫ്റ്റ്‌വെയർ പ്രോഗ്രാമുകളും ഭൗമ വിവരസാങ്കേതിക സംവിധാനത്തിന്റെ ഡേറ്റാ ബേസുകൾ എന്നിവയുടെ മെച്ചപ്പെടുത്തൽ, വനം വകുപ്പിന്റെ ആസ്ഥാനത്തും സർക്കിൾ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തൽ, ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങൽ എന്നിവയാണ് ഈ പദ്ധതിയിലൂടെ നടത്തി വരുന്നത്. എന്നാൽ നടപ്പ് വർഷത്തെ ബഡ്ജറ്റ് വിഹിതം മേൽ പ്രവൃത്തികൾക്ക് പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

<u>സ്വീകരിച്ച നടപടി</u>

2406-01-800-57 ഫോറസ്റ്റ് മാനേജ്മെന്റ് വിവരസമ്പ്രദായവും ജിയോഗ്രാഫിക്കൽ വിവരസമ്പ്രദായവും എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2020-21 സാമ്പത്തിക വർഷം ജി.ഒ. (ആർ.റ്റി.) നമ്പർ 7295/2020/ഫിൻ. തീയതി 16-12-2020 പ്രകാരം 95 ലക്ഷം രൂപ അധികമായി വകയിരുത്തിയിട്ടുണ്ട്.

2020-21 സാമ്പത്തിക വർഷത്തിൽ 2.423 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ ചെലവഴിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2406-01-800-56

സംസ്ഥാനത്ത് ഭയാനകമായ രീതിയിൽ മനുഷ്യ-മൃഗ സംഘർഷങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അതിന് വഴിവയ്ക്കുന്ന അടിസ്ഥാനകാരണങ്ങൾ കണ്ടെത്തുന്നതിനും ലഘൂകരിക്കുന്നതിനും ഊന്നൽ നൽകിക്കൊണ്ടുള്ള വിവിധ നടപടികൾ വകുപ്പ് കൈക്കൊള്ളേണ്ടതുണ്ട്. വന്യജീവി സങ്കേതങ്ങൾ മെച്ചപ്പെടുത്തുക, നിർമ്മാണ പ്രവൃത്തികൾ ഉൾപ്പെടെയുള്ള പ്രതിരോധ നടപടികൾ സ്വീകരിക്കുക, ദ്രുത കർമ്മസേനകൾ ശക്തിപ്പെടുത്തുക, പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുക, മൃഗങ്ങളുടെ വരവിനെ/ആക്രമണത്തെ സംബന്ധിച്ച മുന്നറിയിപ്പ് നൽകുക, ഭൂവിനിയോഗത്തെ സംബന്ധിച്ചും, അനുയോജ്യമായ കൃഷിരീതികളെ സംബന്ധിച്ചും അവബോധ പരിപാടികൾ സംഘടിപ്പിക്കുക, പൊതുജന സഹായത്തോടുകൂടിയ ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കുക തുടങ്ങിയ ദീർഘകാല പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് വകുപ്പ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. തികച്ചും പ്രാധാന്യമർഹിക്കുന്ന ഈ പദ്ധതി നടപ്പിലാക്കുന്നതിനായി നടപ്പുവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനഃപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

<u>സ്വീകരിച്ച നടപടി</u>

2020-21 സാമ്പത്തിക വർഷത്തിൽ 23.977 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ ചെലവഴിച്ചിട്ടുണ്ട്. സാമ്പത്തിക വർഷം അവസാനത്തോടെ മാത്രം മേൽ തുക ചെലവഴിച്ച് തീർന്നതിനാലും, ഇതിനകം അവസാന ബാച്ച് ഉപധനാഭ്യർത്ഥന നിയമസഭയിൽ പാസ്സായതിനാലും, സാമ്പത്തിക വർഷത്തിന്റെ അവസാന നാളുകളിൽ അധിക ഫണ്ട് അനുവദിച്ചാൽ ചെലവാക്കുവാനോ ക്രമീകരിക്കുവാനോ അസാധ്യമായതിനാലും ശിപാർശ ചെയ്ത അധിക തുക വകയിരുത്തിയിട്ടില്ല.

<u>ശിപാർശ</u>

2406-01-800-55 -(01)

വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിന്റെ ആവശ്യകതയുടെ പ്രചരണാർത്ഥം തൈകളുടെ ഉത്പാദനവും വിതരണവും, നക്ഷത്രവനങ്ങൾ നട്ടുപിടിപ്പിക്കൽ, നഗരവനവത്കരണം, വിദ്യാഭ്യാസാധിഷ്ഠിത വനവത്കരണം, ഔഷധത്തോട്ടങ്ങളുടെ പരിപാലനം, ജലാശയങ്ങളുടെ സംരക്ഷണം, തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി യോജിച്ച് കൂട്ടായ പദ്ധതികൾ ആവിഷ്കരിക്കൽ തുടങ്ങിയവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്നും എന്നാൽ ഈ വർഷത്തെ ബഡ്ജറ്റ് വിഹിതം പദ്ധതി നടത്തിപ്പിനായി അപര്യാപ്തമാണെന്നും വിലയിരുത്തിയ സമിതി, ഈ ശീർഷകത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

<u>സ്വീകരിച്ച നടപടി</u>

2406-01-800-55- സാമൂഹിക വനവിപുലീകരണവും കാർഷിക വനവൽക്കരണവും (01)—വന വിപുലീകരണം എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2020-21 സാമ്പത്തിക വർഷം ജി.ഒ (ആർ.റ്റി.) നമ്പർ 9278/2020/ഫിൻ. തീയതി 3-11-2020 പ്രകാരം 4 കോടി രൂപയും, ജി.ഒ (ആർ.റ്റി.) നമ്പർ 1150/2021/ഫിൻ. തീയതി 10-2-2021 പ്രകാരം 2 കോടി രൂപയും ഉൾപ്പെടെ ആകെ 6 കോടി രൂപ അധികമായി വകയിരുത്തിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ 15.979 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ ചെലവഴിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2406-01-800-53

കാട്ടുതീ നിയന്ത്രണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ് 60% കേന്ദ്രാവിഷ്കൃതമായ ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. കാട്ടുതീ നിയന്ത്രണത്തിന് സഹായകരമാകുന്ന ജലസ്രോതസ്സുകളുടെ വികസനവും, അടിസ്ഥാന സൗകര്യ വികസനവും ഈ പദ്ധതിയിലൂടെ നടപ്പിലാക്കുവാനാണ് നടപ്പുവർഷം ലക്ഷ്യമിടുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പ്രവൃത്തികൾക്കായി നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് വിലയിരുത്തിയ സമിതി, ഈ ശീർഷകത്തിൽ 4 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

<u>സ്വീകരിച്ച നടപടി</u>

2020-21 സാമ്പത്തിക വർഷത്തിൽ 3.267 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ ചെലവഴിച്ചിട്ടുണ്ട്. നിലവിലെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ച് തീർന്നിട്ടില്ലാത്തതിനാൽ ശിപാർശ ചെയ്ത അധിക തുക വകയിരുത്തിയിട്ടില്ല.

<u>ശിപാർശ</u>

2406-01-800-52

വനമേഖലയിലും, അതിർത്തി പ്രദേശങ്ങളിലും ചവറുകൾ നിക്ഷേപിക്കുന്നത് തടയുന്നതിനായി വിഭാവനം ചെയ്തിരിക്കുന്ന പ്രോജക്ട് ഗ്രീൻ ഗ്രാസ്സ് എന്ന പദ്ധതിയിലൂടെ നടപ്പുവർഷം 17 ഡിവിഷനുകളിലായി കണ്ടെത്തിയ 121 പ്രധാന ചവർനിക്ഷേപ പ്രദേശങ്ങളിലെ ശുചീകരണ പ്രവൃത്തികളും, പ്രസ്തുത പ്രവൃത്തികൾക്കുള്ള ഉപകരണങ്ങളും ആയുധങ്ങളും സംഭരിക്കുക, പുനഃചംക്രമണ യൂണിറ്റുകൾ, ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ, കമ്പോസ്റ്റ് നിർമ്മാണ യൂണിറ്റുകൾ എന്നിവ സജ്ജീകരിക്കുക തുടങ്ങിയ പ്രവൃത്തികളാണ് ലക്ഷ്യമിടുന്നത്. എന്നാൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതം മേൽ പദ്ധതികൾക്ക് പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1.72 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

<u>സ്വീകരിച്ച നടപടി</u>

2020-21 സാമ്പത്തിക വർഷത്തിൽ 0.799 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ ചെലവഴിച്ചിട്ടുണ്ട്. സാമ്പത്തിക വർഷം അവസാനത്തോടെ മാത്രം മേൽ തുക ചെലവഴിച്ച് തീർന്നതിനാലും, ഇതിനകം അവസാന ബാച്ച് ഉപധനാഭ്യർത്ഥന നിയമസഭയിൽ പാസ്സായതിനാലും, സാമ്പത്തിക വർഷത്തിന്റെ അവസാന നാളുകളിൽ അധിക ഫണ്ട് അനുവദിച്ചാൽ ക്രമീകരണം അസാധ്യമായതിനാലും ശിപാർശ ചെയ്ത അധിക തുക വകയിരുത്തിയിട്ടില്ല.

<u>ശിപാർശ</u>

2406-02-110-68

വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വൃക്ഷസസ്യാദികളുടെയും ജന്തുജാലങ്ങളുടെയും സംരക്ഷണത്തിന് വേണ്ടിയുള്ള പ്രത്യേക പരിപാടികൾ, കാട്ടുതീ സംരക്ഷണ പദ്ധതികൾ, അനധികൃത കയ്യേറ്റത്തിനെതിരെയുള്ള ക്യാമ്പുകൾ സംഘടിപ്പിക്കൽ, വന്യജീവി

വാരാഘോഷം സംഘടിപ്പിക്കൽ, വന്യമൃഗങ്ങൾ ധാന്യവിളകൾ നശിപ്പിക്കുന്നത് തടയൽ, കണ്ടൽക്കാടുകളുടെയും കാവുകളുടെയും സംരക്ഷണം, പരിസ്ഥിതി സംരക്ഷണത്തിനുള്ള പുരസ്കാരങ്ങൾ നൽകൽ എന്നീ പ്രവൃത്തികളാണ് ഈ പദ്ധതിയിലൂടെ നടത്തി വരുന്നത്. എന്നാൽ നടപ്പുവർഷത്തെ ബഡ്ജറ്റ് വിഹിതം മേൽ പ്രവൃത്തികൾക്ക് അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. കൂടാതെ മുൻവർഷത്തെ ബഡ്ജറ്റ് വിഹിതത്തെക്കാൾ 3 കോടി രൂപ കുറവ് കാണുന്നതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ 9.99 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ ചെലവഴിച്ചിട്ടുണ്ട്. സാമ്പത്തിക വർഷം അവസാനത്തോടെ മാത്രം മേൽ തുക ചെലവഴിച്ച് തീർന്നതിനാലും, ഇതിനകം അവസാന ബാച്ച് ഉപധനാഭ്യർത്ഥന നിയമസഭയിൽ പാസ്സായതിനാലും, സാമ്പത്തിക വർഷത്തിന്റെ അവസാന നാളുകളിൽ അധിക ഫണ്ട് അനുവദിച്ചാൽ ക്രമീകരണം അസാധ്യമായതിനാലും ശിപാർശ ചെയ്ത അധിക തുക വകയിരുത്തിയിട്ടില്ല.

ശിപാർശ

2406-02-110-56

വിവിധ വന്യജീവി സംരക്ഷണ കേന്ദ്രങ്ങളിൽ പരിസ്ഥിതി വികസന പരിപാടികൾ നടപ്പിലാക്കുക, പട്ടികവർഗ്ഗ ഊരുകളുടെ വികസന പ്രവർത്തനങ്ങൾ, ഊരിലെ നിവാസികൾക്ക് ഉപജീവനത്തിന് ബദൽ സംവിധാനം നിർദ്ദേശിക്കുക, കൈത്തറിപോലുള്ള തൊഴിൽ മേഖലകളിൽ പരിശീലനം നൽകി നൈപുണ്യം വർദ്ധിപ്പിക്കുക തുടങ്ങിയ പ്രവൃത്തികൾ ലക്ഷ്യമിടുന്ന മേൽ പദ്ധതിക്കായി നടപ്പ് വർഷത്തേക്ക് അനുവദിച്ച ബഡ്ജറ്റ് വിഹിതം തീരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ 3.749 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ ചെലവഴിച്ചിട്ടുണ്ട്. നിലവിലെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ച് തീർന്നിട്ടില്ലാത്തതിനാൽ ശിപാർശ ചെയ്ത അധിക തുക വകയിരുത്തിയിട്ടില്ല.

ശിപാർശ

2406-02-110-48

നിലവിലുള്ള തൃശ്ശൂർ മൃഗശാലയിലെ പക്ഷികളെയും മൃഗങ്ങളെയും ആവശ്യമായ സ്ഥലസൗകര്യമുള്ള മറ്റൊരു സ്ഥലത്തേക്ക് മാറ്റി പുനരധിവസിപ്പിക്കുക എന്നതാണ് മേൽ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. നടപ്പുസാമ്പത്തികവർഷം പദ്ധതി പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്ന പുത്തൂർ സുവോളജിക്കൽ പാർക്കിലെ മൃഗങ്ങൾക്കുള്ള കൂടുകൾ, മൃഗശാലയുടെ ഭരണസംവിധാനത്തിനുള്ള ഓഫീസ് കെട്ടിടം, ഓട്ടോപ്സിക്കുള്ള മുറി, മൃഗാശുപത്രി എന്നിവയുടെ നിർമ്മാണങ്ങൾക്കായി നടപ്പുവർഷം അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 8 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സ്വീകരിച്ച നടപടി

2406-02-110-48—പുത്തൂർ സുവോളജിക്കൽ പാർക്ക്, വന്യജീവി സംരക്ഷണ ഗവേഷണ കേന്ദ്രം എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2020-21 സാമ്പത്തിക വർഷം ജി.ഒ. (ആർ.റ്റി.) നമ്പർ 851/2021/ധന. തീയതി 30-1-2021 പ്രകാരം 7 കോടി രൂപ അധികമായി വകയിരുത്തിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ 14 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ ചെലവഴിച്ചിട്ടുണ്ട്.

ശിപാർശ

4406-01-070-99

വനത്തിനുള്ളിലെ റോഡുകളുടെ നിർമ്മാണത്തിനും, അറ്റകുറ്റപ്പണികൾക്കും, ഓവുചാൽ, സംരക്ഷണഭിത്തി എന്നിവയുടെ നിർമ്മാണം, 2018, 2019 വർഷങ്ങളിലെ പ്രളയത്തിൽ തകർന്ന ഫോറസ്റ്റ് റോഡുകളുടെ പുനരുദ്ധാരണം തുടങ്ങിയ പ്രവൃത്തികൾ നിറവേറ്റുന്നതിനായി നടപ്പുവർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സ്വീകരിച്ച നടപടി

4406-01-070-99—റോഡുകൾ എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2020-21 സാമ്പത്തിക വർഷം ജി.ഒ.(ആർ.റ്റി.) നമ്പർ 7295/2020/ഫിൻ. തീയതി 16-12-2020 പ്രകാരം 2 കോടി രൂപ അധികമായി വകയിരുത്തിയിട്ടുണ്ട്. ടി തുക ഉപധനാഭ്യർത്ഥന മുഖാന്തിരം ക്രമപ്പെടുത്തിയിട്ടുണ്ട്.

2020-21 സാമ്പത്തിക വർഷത്തിൽ 5.99 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ ചെലവഴിച്ചിട്ടുണ്ട്.

ശിപാർശ

4406-01-070-97

ഓഫീസ് കെട്ടിടങ്ങൾ, ക്വാർട്ടേഴ്സ്, പിക്കറ്റ് സ്റ്റേഷൻ, ചെക്ക്പോസ്റ്റ്, വാസസ്ഥലങ്ങൾ മുതലായവയുടെ നിർമ്മാണം നിലവിലുള്ളവയുടെ ആധുനികവൽക്കരണം 2018, 2019 എന്നീ വർഷങ്ങളിലുണ്ടായ പ്രളയക്കെടുതിയിൽ തകർന്ന ഫോറസ്റ്റ് കെട്ടിടങ്ങളുടെ പുനരുദ്ധാരണം, വാളയാർ ഫോറസ്റ്റ് ട്രെയിനിംഗ് സെന്ററിലെ ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണം, വനം വകുപ്പ് ആസ്ഥാനത്തെ സെൻട്രൽ ലൈബ്രറിയുടെ ആധുനികവൽക്കരണം, സോഷ്യൽ ഫോറസ്ട്രി ഓഫീസിനുള്ള പുതിയ കെട്ടിടനിർമ്മാണം എന്നിവ ഈ പദ്ധതിയിലൂടെ ഈ വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ ഈ വർഷത്തെ ബഡ്ജറ്റ് വിഹിതം പ്രസ്തുത പ്രവൃത്തികൾക്ക് അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 4.25 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സ്വീകരിച്ച നടപടി

4406-01-070-97—കെട്ടിടങ്ങൾ എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2020-21 സാമ്പത്തിക വർഷം ജി.ഒ. (ആർ.റ്റി.) നമ്പർ 6279/2020/ഫിൻ. തീയതി 3-11-2020 പ്രകാരം 2 കോടി രൂപ അധികമായി വകയിരുത്തിയിട്ടുണ്ട്. ടി തുക ഉപധനാഭ്യർത്ഥന മുഖാന്തിരം ക്രമപ്പെടുത്തിയിട്ടുണ്ട്.

2020-21 സാമ്പത്തിക വർഷത്തിൽ 5.984 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ ചെലവഴിച്ചിട്ടുണ്ട്.

940/2021.

ശിപാർശ

4406-01-101-99 -01

വനാതിർത്തികൾ തിരിച്ചും മറ്റ് കയ്യേറ്റങ്ങൾ തടഞ്ഞും വനസംരക്ഷണം മെച്ചപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. വനാതിർത്തികളുടെയും വനപരിധിയിലുള്ള പ്രദേശങ്ങളുടെയും സർവ്വേ, അതിർത്തി തിരിക്കൽ, കരിങ്കൽ ഭിത്തികളുടെയും സംരക്ഷണ ഭിത്തികളുടെയും ചുറ്റുമതിലുകളുടെയും നിർമ്മാണം, ജണ്ടകളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും, വെള്ളപ്പൊക്കംമൂലം അടിസ്ഥാന സൗകര്യങ്ങൾക്കുണ്ടാകുന്ന നാശനഷ്ടങ്ങളുടെ അറ്റകുറ്റപ്പണികളും ഇതിന്റെ തുടർ പ്രവർത്തനങ്ങളാണെന്ന് സമിതി മനസ്സിലാക്കുന്നു. കൂടാതെ മുൻവർഷത്തെ ബഡ്ജറ്റ് വിഹിതത്തെക്കാൾ 4 കോടി രൂപ നടപ്പ് വിഹിതത്തിൽ കുറവ് വന്നിട്ടുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 6 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സ്വീകരിച്ച നടപടി

4406-01-101-99—വനസംരക്ഷണം (വനാതിർത്തികളുടെ സർവ്വേയും വനസംരക്ഷണവും) 01—വനസംരക്ഷണം എന്ന ബഡ്ജറ്റ് ശീർഷകത്തിൽ ഈ സാമ്പത്തിക വർഷം ജി.ഒ. (ആർ.റ്റി.) നമ്പർ 7295/2020/ഫിൻ. തീയതി 16-12-2020 പ്രകാരം 7 കോടി രൂപ അധികമായി വകയിരുത്തിയിട്ടുണ്ട്. ടി തുക ഉപധനാഭ്യർത്ഥന മുഖാന്തിരം ക്രമപ്പെടുത്തിയിട്ടുണ്ട്.

2020-21 സാമ്പത്തിക വർഷത്തിൽ 31.988 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ ചെലവഴിച്ചിട്ടുണ്ട്.

ശിപാർശ

4406-01-800-90

നബാർഡ് സഹായത്തോടെ ഫോറസ്റ്റ് സ്റ്റേഷൻ കോംപ്ലക്സുകൾ, ഉൾവനങ്ങളിൽ താവളങ്ങൾ, താമസസൗകര്യങ്ങൾ, സംരക്ഷണ പാർക്കുകൾ എന്നിവ നിർമ്മിക്കുക, മനുഷ്യ-മൃഗ സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനുള്ള നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുക, പരിസ്ഥിതി വിദ്യാഭ്യാസ പരിപാടികൾക്കുള്ള അടിസ്ഥാനസൗകര്യ വികസനം, നിലവിലുള്ള വനപാതകൾ മെച്ചപ്പെടുത്തുക, കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുക തുടങ്ങിയ അടിസ്ഥാന വികസന പദ്ധതികൾ ലക്ഷ്യമിടുന്ന ഈ പദ്ധതിക്കായി നടപ്പുവർഷം വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി

വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

<u>സ്വീകരിച്ച നടപടി</u>

4406-01-800-90—-ആർ.ഐ.ഡി.എഫ്.-ൽ നിന്നുള്ള സഹായത്തോടുകൂടിയ പണികൾ എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2020-21 സാമ്പത്തിക വർഷം ജി.ഒ. (ആർ.റ്റി.) നമ്പർ 7442/2020/ഫിൻ. തീയതി 22-12-2020 പ്രകാരം 7.34 കോടി രൂപ അധികമായി വകയിരുത്തിയിട്ടുണ്ട്. ടി തുക ഉപധനാഭ്യർത്ഥന മുഖാന്തിരം ക്രമപ്പെടുത്തിയിട്ടുണ്ട്.

2020-21 സാമ്പത്തിക വർഷത്തിൽ 25.22 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ ചെലവഴിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

4406-01-105-87-(01)

ദീർഘകാലം നിലനിൽക്കുന്ന ഇനങ്ങളായ ഈട്ടി, കമ്പകം, വെള്ളകിൽ, മറ്റു മരങ്ങൾ എന്നിവയുടെ മൂന്നര ലക്ഷം തൈകൾ 350 ഹെക്ടർ പ്രദേശത്ത് പുതുതായി നട്ടുപരിപാലിക്കുന്നതിനും 500 ഹെക്ടറിൽ വച്ചുപിടിപ്പിച്ചിട്ടുള്ള നിലവിലുള്ള തൈകൾ പരിപാലിക്കുന്നതിനും ലക്ഷ്യമിടുന്ന ഈ പദ്ധതിയ്ക്കായി നടപ്പുസാമ്പത്തിക വർഷത്തേയ്ക്ക് വകയിരുത്തിയ ബഡ്ജറ്റ് വിഹിതം തീരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 3.6 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

<u>സ്വീകരിച്ച നടപടി</u>

4406-01-105-87—തോട്ടങ്ങളുടെ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കൽ (01)—വന്മര ത്തോട്ടങ്ങൾ എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2020-21 സാമ്പത്തിക വർഷം ജി.ഒ. (ആർ.റ്റി.) നമ്പർ 7295/2020/ധന. തീയതി 16-12-2020 പ്രകാരം 1.50 കോടി രൂപ അധികമായി വകയിരുത്തിയിട്ടുണ്ട്. ടി തുക ഉപധനാഭ്യർത്ഥന മുഖാന്തിരം ക്രമപ്പെടുത്തിയിട്ടുണ്ട്.

2020-21 സാമ്പത്തിക വർഷത്തിൽ 6.491 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ ചെലവഴിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

4406-01-105-87-(02)

പ്രകൃതിക്ക് ഹാനികരമല്ലാത്തതും എന്നാൽ പെട്ടെന്ന് വളരുന്ന ഇനത്തിൽപ്പെട്ടതുമായ വൃക്ഷങ്ങളും കട്ടികുറഞ്ഞ തടികളുടെ തോട്ടങ്ങളും വച്ചുപിടിപ്പിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. 100 ഹെക്ടർ പ്രദേശത്ത് പുതുതായി വ്യാവസായിക ആവശ്യത്തിനുള്ള വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനും, തദ്ദേശീയമായ ഇനങ്ങൾ ഉപയോഗിച്ച് സ്വാഭാവിക വനങ്ങൾ നിർമ്മിക്കുന്നതിനും നിലവിലുള്ള 200 ഹെക്ടർ തോട്ടങ്ങൾ പരിപാലിക്കുന്നതിനും ലക്ഷ്യമിടുന്ന ഈ പദ്ധതിക്കായി അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

<u>സ്വീകരിച്ച നടപടി</u>

2020-21 സാമ്പത്തിക വർഷത്തിൽ 2.393 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ ചെലവഴിച്ചിട്ടുണ്ട്. സാമ്പത്തിക വർഷം അവസാനത്തോടെ മാത്രം മേൽ തുക ചെലവഴിച്ച് തീർന്നതിനാലും, ഇതിനകം അവസാന ബാച്ച് ഉപധനാഭ്യർത്ഥന നിയമസഭയിൽ പാസ്സായതിനാലും, സാമ്പത്തിക വർഷത്തിന്റെ അവസാന നാളുകളിൽ അധിക ഫണ്ട് അനുവദിച്ചാൽ ചെലവാക്കുവാനോ ക്രമീകരിക്കുവാനോ അസാധ്യമായതിനാലും ശിപാർശ ചെയ്ത അധിക തുക വകയിരുത്തിയിട്ടില്ല.

<u>ശിപാർശ</u>

2406-02-110-38-01-2

2406-02-110-39-(02)

2406-01-800-53

2406-01-102-86

2406-02-110-32

മുകളിൽ ചേർത്തിരിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിലേക്ക് അനുവദിച്ച കേന്ദ്രവിഹിതം സംസ്ഥാന സർക്കാരിലേക്ക് ലഭിച്ചുവെങ്കിലും, വനവികസന ഏജൻസികൾക്ക് സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ട് ഇല്ലാത്തതിനാൽ പ്രസ്തുത

വിഹിതം വകുപ്പിന് ചെലവാക്കുവാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നതിനാൽ കേന്ദ്രവിഹിതം നേരിട്ട് സംസ്ഥാന വനവികസന ഏജൻസിയുടെ സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടിലേക്ക് നേരിട്ട് മാറ്റുകയോ അല്ലെങ്കിൽ വനവികസന ഏജൻസിക്ക് പുതിയതായി സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ട് തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുകയോ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

<u>സ്വീകരിച്ച നടപടി</u>

കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇരവികുളം ദേശീയ ഉദ്യാനത്തിന് (2406-02-110-38 -01) ആകെ റിലീസ് ചെയ്ത തുക ബഡ്ജറ്റ് ശീർഷകത്തിൽ അനുവദിച്ച തുകയ്ക്ക് അനുസൃതമായതിനാൽ അധിക തുകയുടെ ആവശ്യകത 2020-21 സാമ്പത്തിക വർഷത്തിൽ വന്നില്ല.

കേന്ദ്രാവിഷ്കൃത പദ്ധതിയായ സൈലന്റ് വാലി ദേശീയ ഉദ്യാനത്തിന് (2406-02-110-38 -02) ആകെ റിലീസ് ചെയ്ത തുക ബഡ്ജറ്റ് ശീർഷകത്തിൽ അനുവദിച്ച തുകയ്ക്ക് അനുസൃതമായതിനാൽ അധിക തുകയുടെ ആവശ്യകത 2020-21 സാമ്പത്തിക വർഷത്തിൽ വന്നില്ല.

കേന്ദ്രാവിഷ്കൃത പദ്ധതിയായ വയനാട് വന്യജീവി സങ്കേതത്തിന് (2406-02-110-39-02) ആകെ റിലീസ് ചെയ്ത തുക ബഡ്ജറ്റ് ശീർഷകത്തിൽ അനുവദിച്ച തുകയ്ക്ക് അനുസൃതമായതിനാൽ അധിക തുകയുടെ ആവശ്യകത 2020-21 സാമ്പത്തിക വർഷത്തിൽ വന്നില്ല.

കേന്ദ്രാവിഷ്കൃത പദ്ധതിയായ വനാഗ്നി തടയലും സംരക്ഷണവും പദ്ധതിക്ക് (2406-01-800-53) ആകെ റിലീസ് ചെയ്ത തുക ബഡ്ജറ്റ് ശീർഷകത്തിൽ അനുവദിച്ച തുകയ്ക്ക് അനുസൃതമായതിനാൽ അധിക തുകയുടെ ആവശ്യകത 2020-21 സാമ്പത്തിക വർഷത്തിൽ വന്നില്ല.

2406-01-102-86—ദേശീയ വനവൽക്കരണ പരിപാടി-ഹരിത ഇന്ത്യയ്ക്കായുള്ള ദേശീയദൗത്യം എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2020-21 സാമ്പത്തിക വർഷം 1 കോടി രൂപയാണ് പ്രഥമമായി അനുവദിച്ചിരുന്നത്. കൂടാതെ ജി.ഒ. (ആർ.റ്റി.) നമ്പർ 4241/2020/ഫിൻ. തീയതി 21-7-20 പ്രകാരം 14.5327 കോടി രൂപ (2406-01-789-99 എസ്.സി.പി.2406-01-796-99— റ്റി.എസ്.പി. ഉൾപ്പെടെ) അധിക തുക വകയിരുത്തിയിട്ടുണ്ട്.

2020-21 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുക മുഴുവനും സംസ്ഥാന വനവികസന ഏജൻസിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുള്ളതാണ്. കേന്ദ്രാവിഷ്കൃത

പദ്ധതിയായ വയനാട് വന്യജീവി സങ്കേതത്തിന് (2406-02-110-32) ആകെ റിലീസ് ചെയ്ത തുക ബഡ്ജറ്റ് ശീർഷകത്തിൽ അനുവദിച്ച തുകയ്ക്ക് അനുസൃതമായതിനാൽ അധിക തുകയുടെ ആവശ്യകത 2020-21 സാമ്പത്തിക വർഷത്തിൽ വന്നില്ല.

2406-01-102-86—ദേശീയ വനവൽക്കരണ പരിപാടി-ഹരിത ഇന്ത്യയ്ക്കായുള്ള ദേശീയദൗത്യം എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുക മുഴുവനും സംസ്ഥാന വനവികസന ഏജൻസിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുള്ളതാണ്.

<u>ശിപാർശ</u>

കൂടാതെ താഴെപ്പറയും പ്രകാരം പ്രസ്തുത പദ്ധതികൾക്ക് വിതരണം ചെയ്യുവാൻ ശേഷിക്കുന്ന തുക (കേന്ദ്ര സംസ്ഥാന വിഹിതം ഉൾപ്പെടെയുള്ള തുക) അടിയന്തരമായി നൽകുവാനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

| | |
|---|---|
| 2406-02-110-38 (1) | 84.73 ലക്ഷം രൂപ |
| 2406-02-110-38 (2) | 65.10 ലക്ഷം രൂപ |
| 2406-02-110-39 (02) | 38.38 ലക്ഷം രൂപ |
| 2406-01-800-53 | 155.27 ലക്ഷം രൂപ |
| 2406-02-102-86 | 1746.68 ലക്ഷം രൂപ |
| 2406-02-110-32 | 71.28 ലക്ഷം രൂപ |

(ഖണ്ഡിക 20)

<u>സ്വീകരിച്ച നടപടി</u>

കേന്ദ്രാവിഷ്കൃത പദ്ധതികളായതിനാൽ ആകെ റിലീസ് ചെയ്ത തുക ബഡ്ജറ്റ് ശീർഷകത്തിൽ അനുവദിച്ച തുകയ്ക്ക് അനുസൃതമായതിനാൽ അധിക തുകയുടെ ആവശ്യകത 2020-21 സാമ്പത്തിക വർഷത്തിൽ വന്നില്ല.

<u>ശിപാർശ</u>

2406-01-070-99-(17)

വനമേഖലയിലെ റോഡുകളുടെയും പാലങ്ങളുടെയും പുതുക്കിപ്പണിയ്ക്കായി വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 22 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

<u>സ്വീകരിച്ച നടപടി</u>

നിലവിലെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ച് തീർന്നിട്ടില്ലാത്തതിനാൽ ശിപാർശ ചെയ്ത അധിക തുക വകയിരുത്തിയിട്ടില്ല.

<u>ശിപാർശ</u>

2406-01-070-99-(18)

വനമേഖലയിലെ റോഡുകളുടെയും പാലങ്ങളുടെയും അറ്റകുറ്റപ്പണിക്കായി വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 17.5 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

<u>സ്വീകരിച്ച നടപടി</u>

നിലവിലെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ച് തീർന്നിട്ടില്ലാത്തതിനാൽ ശിപാർശ ചെയ്ത അധിക തുക വകയിരുത്തിയിട്ടില്ല.

<u>ശിപാർശ</u>

2406-01-070-98-(18)

നിലവിലുള്ള കെട്ടിടങ്ങളുടെ അത്യാവശ്യമായ അറ്റകുറ്റപ്പണികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 14.5 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

<u>സ്വീകരിച്ച നടപടി</u>

നിലവിലെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ച് തീർന്നിട്ടില്ലാത്തതിനാൽ ശിപാർശ ചെയ്ത അധിക തുക വകയിരുത്തിയിട്ടില്ല.

<u>ശിപാർശ</u>

2406-01-101-91

വ്യാവസായികാവശ്യത്തിന് ഉപയോഗപ്രദമായ തോട്ടങ്ങളുടെ തുടർപരിപാലനത്തിനും അനുബന്ധ പ്രവൃത്തികൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക

അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1.4 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

<u>സ്വീകരിച്ച നടപടി</u>

നിലവിലെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ച് തീർന്നിട്ടില്ലാത്തതിനാൽ ശിപാർശ ചെയ്ത അധിക തുക വകയിരുത്തിയിട്ടില്ല.

<u>ശിപാർശ</u>

2406-01-105-99

പ്രായമെത്തിയ തേക്ക്, വെള്ളമരം എന്നിവയുടെ തോട്ടങ്ങളിൽ നിന്ന് തടിയും വിറകും മുറിച്ച് ശേഖരിക്കുക, വനത്തിനുള്ളിലെ കാറ്റത്ത് വീഴുന്നതും ഉണങ്ങി നിൽക്കുന്നതുമായ മരങ്ങൾ മുറിച്ച് ശേഖരിക്കുക തുടങ്ങിയ പ്രവൃത്തികളിലൂടെ സർക്കാരിനുള്ള മുഖ്യവരുമാന സ്രോതസ്സായ ഈ പദ്ധതിക്കായി നിലവിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 17.5 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

<u>സ്വീകരിച്ച നടപടി</u>

ശിപാർശ ചെയ്ത അധിക തുക വകയിരുത്തിയിട്ടില്ല.

<u>ശിപാർശ</u>

2406-01-105-94

വനം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വന്യജീവി പുനരധിവാസ പരിപാലന കേന്ദ്രങ്ങളിലെ മൃഗങ്ങളുടെ പരിചരണ സംരക്ഷണങ്ങൾക്കും, മൃഗപരിപാലകരുടെ ശമ്പളം, മൃഗങ്ങൾക്കുള്ള തീറ്റ എന്നിവയ്ക്കുമായി നടപ്പുവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ടി കേന്ദ്രങ്ങളിലെ മൃഗങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ 2.5 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

<u>സ്വീകരിച്ച നടപടി</u>

2406-01-105-94—കന്നുകാലികൾ എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2020-21 സാമ്പത്തിക വർഷം ജി.ഒ. (ആർ.റ്റി.) 857/2021/ഫിൻ. തീയതി 30-1-2021 പ്രകാരം 2.50 കോടി രൂപ അധിക തുക വകയിരുത്തിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ 7.989 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ ചെലവഴിച്ചിട്ടുണ്ട്.

## ധനാഭ്യർത്ഥന നമ്പർ XXXIV

### **കേരള സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡ്**

2406-02-110-59-31

പുതുതായി അനുവദിച്ച ഫിനാൻസ് ഓഫീസർ, ഡെപ്യൂട്ടേഷൻ മുഖേന നിയമനം നൽകിയ ഡേറ്റാ എൻട്രി ഓപ്പറേറ്റർ, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് എന്നിവർക്ക് ശമ്പളം അനുവദിക്കുന്നതിനായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 8 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

<u>സ്വീകരിച്ച നടപടി</u>

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രൊപ്പോസൽ സമർപ്പിച്ചപ്പോൾ, നിലവിലെ പ്രൊപ്പോസൽ ഉപധനാഭ്യർത്ഥനയുടെ പരിധിയിൽ വരുന്നില്ലായെന്നും കൂടാതെ ബഡ്ജറ്റ് പ്രൊവിഷൻ തീരുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ, അധിക ധനാനുമതി മുഖേന തുക അനുവദിക്കാവുന്നതാണെന്നും ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2406-02-110-59-36

മുൻ വർഷങ്ങളിലെ ചെലവുമായി താരതമ്യം ചെയ്യുമ്പോൾ ശമ്പളേതരം എന്ന ശീർഷകത്തിൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക ബോർഡിലെ മറ്റ് ഓഫീസ് ചെലവുകളായ കെട്ടിടവാടക, വാട്ടർ ചാർജ്ജ്, ഇലക്ട്രിസിറ്റി ചാർജ്ജ് എന്നിവയ്ക്ക് അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 16 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

<u>സ്വീകരിച്ച നടപടി</u>

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രൊപ്പോസൽ സമർപ്പിച്ചപ്പോൾ, നിലവിലെ പ്രൊപ്പോസൽ ഉപധനാഭ്യർത്ഥനയുടെ പരിധിയിൽ വരുന്നില്ലായെന്നും കൂടാതെ ബഡ്ജറ്റ് പ്രൊവിഷൻ തീരുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ, അധിക ധനാനുമതി മുഖേന തുക അനുവദിക്കാവുന്നതാണെന്നും ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്.

## ധനാഭ്യർത്ഥന നമ്പർ XLII

### വിനോദസഞ്ചാര വകുപ്പ്

<u>ശിപാർശ</u>

3452-80-104-98

കേരളം, വിനോദസഞ്ചാര രംഗത്ത് നിരവധി വെല്ലുവിളികളിലൂടെ കടന്നുപോകുന്ന ഇക്കാലയളവിൽ പ്രളയവും നിപ വൈറസിന്റെ ആക്രമണവുംമൂലം വിനോദസഞ്ചാര മേഖലയ്ക്കുണ്ടായ നെഗറ്റീവ് പബ്ലിസിറ്റി മറികടക്കുവാൻ ശക്തമായ പ്രചരണ പരിപാടികൾ നടത്തേണ്ടതുള്ളതിനാൽ നിലവിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 37 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

<u>സ്വീകരിച്ച നടപടി</u>

സ.ഉ. (സാധാ.) നമ്പർ 1413/2021/ഫിൻ. തീയതി 16-2-2021 നമ്പർ ഉത്തരവ് പ്രകാരം അഡീഷണൽ ആതറൈസേഷൻ വഴി 20 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്.

<u>ശിപാർശ</u>

3452-80-800-78-(01)

കിറ്റ്സിന്റെ 2019-20 വർഷം ആരംഭിച്ച പ്ലാൻ പദ്ധതികൾ പൂർത്തിയാക്കുന്നതിനും, പുതിയ അക്കാദമിക് കെട്ടിടം (ഫേസ് 3) ലേഡീസ് ഹോസ്റ്റൽ വിപുലീകരണം എന്നിവ അടിയന്തരമായി പൂർത്തിയാക്കേണ്ടതുള്ളതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.82 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിലെ ചെലവ് ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ തന്നെ നിന്നതിനാൽ അധിക തുക വേണ്ടി വന്നില്ല.

<u>ശിപാർശ</u>

3452-80-800-78-(02)

കോട്ടയം പാലായിൽ പണി നടന്നുകൊണ്ടിരിക്കുന്ന ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജിയുടെ അക്കാദമിക് കോംപ്ലക്സിന്റെ പണി പൂർത്തീകരിക്കുന്നതിനും കോഴിക്കോടുള്ള കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 17 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴി 3.21 കോടി രൂപ ടൂറിസം വകുപ്പ് ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ലഭ്യമായില്ല.

<u>ശിപാർശ</u>

3452-80-800-78-(03)

ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 12 കേന്ദ്രങ്ങളിൽ കെട്ടിടം പണി പൂർത്തീകരിക്കുന്നതിനും, ഫർണിച്ചർ, ഉപകരണങ്ങൾ, കമ്പ്യൂട്ടറുകൾ, മറ്റ് അനുബന്ധ സാധനങ്ങൾ, ലൈബ്രറി ബുക്കുകൾ എന്നിവ വാങ്ങുന്നതിനുമായി നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 7.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിലെ ചെലവ് ബഡ്ജറ്റ് വിഹിതത്തിൽ തന്നെ നിന്നതിനാൽ അധിക തുക വേണ്ടി വന്നില്ല.

<u>ശിപാർശ</u>

3452-80-800-34

സർക്കാരിന്റെ ടൂറിസം നയമായ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിലൂടെ ടൂറിസം മേഖലയുടെ ഗുണഫലങ്ങൾ പരമാവധി തദ്ദേശവാസികൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾക്കായി നിലവിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 6 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിലെ ചെലവ് ബഡ്ജറ്റ് വിഹിതത്തിൽ തന്നെ നിന്നതിനാൽ അധിക തുക വേണ്ടി വന്നില്ല.

<u>ശിപാർശ</u>

3452-80-800-20

വിനോദസഞ്ചാര മേഖലയ്ക്ക് പുത്തൻ ഉണർവ് പകർന്ന നൂതന സംരംഭമായ ചാമ്പ്യൻസ് ബോട്ട് ലീഗ് മത്സരങ്ങളുടെ സമ്മാന തുക, മത്സരങ്ങളുടെ സംപ്രേഷണം, സ്പോൺസർഷിപ്പുകൾ, പശ്ചാത്തലം ഒരുക്കൽ എന്നിവയ്ക്കായി വരും വർഷങ്ങളിൽ വൻചെലവ് പ്രതീക്ഷിക്കുന്നതിനാൽ നിലവിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 13 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

<u>സ്വീകരിച്ച നടപടി</u>

കോവിഡ് കാരണം ബോട്ട് ലീഗ് മത്സരം നടത്താൻ കഴിയാഞ്ഞതിനാൽ ഈ ശീർഷകത്തിലെ ചെലവ് ബഡ്ജറ്റ് വിഹിതത്തിൽ തന്നെ നിന്നതിനാൽ അധിക തുക വേണ്ടി വന്നില്ല.

<u>ശിപാർശ</u>

5452-01-101-99

സംസ്ഥാനത്തുടനീളമുള്ള പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളിലെ പശ്ചാത്തല സൗകര്യമൊരുക്കുന്നതിനും നിലവാരം മെച്ചപ്പെടുത്തുന്നതിനും പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 33 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

<u>സ്വീകരിച്ച നടപടി</u>

സ.ഉ. (സാധാ.) നമ്പർ 1365/2021/ഫിൻ., തീയതി 15-2-2021 പ്രകാരം അഡീഷണൽ ആതറൈസേഷൻ വഴി 15 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്.

<u>ശിപാർശ</u>

5452-01-101-86

ടൂറിസം വകുപ്പ് സംസ്ഥാനത്തുടനീളവും പുറത്തുള്ള പ്രധാന പട്ടണങ്ങളിലും അതിഥി മന്ദിരങ്ങൾ, യാത്രീനിവാസുകൾ എന്നിവ നിർമ്മിക്കുകയും സംരക്ഷിക്കുകയും നിലനിർത്തുകയും ചെയ്തുവരുന്നു. നിലവിൽ വിവിധ ഇടങ്ങളിൽ അതിഥി മന്ദിരങ്ങൾ നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിക്കഴിഞ്ഞിട്ടുള്ള സാഹചര്യം കണക്കിലെടുത്ത് അവയുടെ നിർമ്മാണത്തിനും നിലവിലുള്ളവയുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്ത മായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിലെ ചെലവ് ബഡ്ജറ്റ് വിഹിതത്തിൽ തന്നെ നിന്നതിനാൽ അധിക തുക വേണ്ടി വന്നില്ല.

ശിപാർശ

3452-01-103-99-04-1

ടൂറിസ്റ്റ് ഗ്യാരേജിന് കീഴിലുള്ള ജീവനക്കാർക്ക് യാത്രാബത്ത അനുവദിക്കുന്നതിനായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 50,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിലെ ചെലവ് ബഡ്ജറ്റ് വിഹിതത്തിൽ തന്നെ നിന്നതിനാൽ അധിക തുക വേണ്ടി വന്നില്ല.

ശിപാർശ

ടൂറിസം വകുപ്പിന് കീഴിലുള്ള 141 വാഹനങ്ങളുടെ ഇൻഷ്വറൻസ് പുതുക്കുന്നതിനും അറ്റകുറ്റപ്പണികൾക്കും ഇന്ധനം വാങ്ങുന്നതിനുമായി നടപ്പുവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ, ചുവടെ ചേർക്കും പ്രകാരം ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

(i) 3452-01-103-99-05-4—ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ

അധികമായി വകയിരുത്തേണ്ട തുക - 1.65 ലക്ഷം രൂപ

(ii) 3452-01-103-99-21-2—മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും

അധികമായി വകയിരുത്തേണ്ട തുക - 6.94 ലക്ഷം രൂപ

(iii) 3452-01-103-99-45—പി.ഒ.എൽ.

അധികമായി വകയിരുത്തേണ്ട തുക - 31.89 ലക്ഷം രൂപ

സ്വീകരിച്ച നടപടി

(i) 3452-01-103-99-00-05-4—ഓഫീസ് ചെലവുകൾ- മറ്റിനങ്ങൾ ശീർഷകത്തിൽ 9.70 ലക്ഷം രൂപ സ.ഉ.(സാധാ.) നമ്പർ 3505/2020/ഫിൻ., തീയതി 10-6-2020 പ്രകാരം അധിക ധനവിനിയോഗത്തിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.

(ii) 3452-01-103-99-21-2—<u>മോട്ടോർവാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും</u> ശീർഷകത്തിൽ 20 ലക്ഷം രൂപ സ.ഉ. (സാധാ.) നമ്പർ 2949/2021/ഫിൻ., തീയതി 26-3-2021 പ്രകാരം ധനപുനഃവിനിയോഗാനുമതിയിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.

(iii) 3452-01-103-99-45—പി.ഒ.എൽ. എന്ന ശീർഷകത്തിലെ ചെലവ് ബഡ്ജറ്റ് വിഹിതത്തിൽ തന്നെ നിന്നതിനാൽ അധിക തുക വേണ്ടി വന്നില്ല.

<u>ശിപാർശ</u>

3452-80-001-99-02

ടൂറിസം വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പാർട്ട്-ടൈം, കണ്ടിജന്റ്, ദിവസജോലിക്കാർക്കുള്ള വേതനം നൽകുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന വിഹിതം കഴിഞ്ഞ വർഷത്തെ ചെലവുമായി താരതമ്യം ചെയ്യുമ്പോൾ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 73.26 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിലെ ചെലവ് ബഡ്ജറ്റ് വിഹിതത്തിൽ തന്നെ നിന്നതിനാൽ അധിക തുക വേണ്ടി വന്നില്ല.

<u>ശിപാർശ</u>

3452-80-001-99-04-1

ടൂറിസം ഡയറക്ടറുടെ ഓഫീസിലെ ഉദ്യോഗസ്ഥൻമാരുടെ ഔദ്യോഗിക യാത്രകൾക്ക് യാത്രപ്പടി നൽകുന്നതിനുള്ള കഴിഞ്ഞ വർഷത്തെ ചെലവ് 4.09 ലക്ഷം രൂപയാണ്. ആയതിനാൽ ഈ വർഷത്തെ ബഡ്ജറ്റ് വിഹിതം യാത്രാപ്പടി അനുവദിക്കുന്നതിന് അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 1.85 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

<u>സ്വീകരിച്ച നടപടി</u>

3452-80-001-99-04-1—ഭരണം-യാത്രാച്ചെലവുകൾ- യാത്രാബത്ത ശീർഷകത്തിൽ 1 ലക്ഷം രൂപ സ.ഉ. (സാധാ) നമ്പർ 544/2021/ഫിൻ., തീയതി 22-1-2021 പ്രകാരം അധിക ധനവിനിയോഗാനുമതിയിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.

ശിപാർശ

3452-80-001-99-34

ബഹു. മന്ത്രിമാർക്കും, പ്രതിപക്ഷനേതാവ്, ചീഫ് വിപ്പ്, മറ്റ് വി.ഐ.പി.-കൾ എന്നിവരുടെ സന്ദർശനം, സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിനം തുടങ്ങിയ ആഘോഷങ്ങളുമായി ബന്ധപ്പെട്ട ചെലവുകൾ മറ്റ് ചെലവുകൾ എന്നിവയ്ക്കുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 35.51 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

സ്വീകരിച്ച നടപടി

3452-80-001-99-ഭരണം-34—മറ്റ് ചെലവുകൾ-03-മറ്റിനം ശീർഷകത്തിൽ 6 ലക്ഷം രൂപ സ.ഉ.(സാധാ.)നമ്പർ 1385/2021/ഫിൻ. തീയതി പ്രകാരം അധിക ധനവിനിയോഗാനുമതിയിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.

ശിപാർശ

3452-80-001-96-04-1

ടൂറിസം വകുപ്പിന് കീഴിലുള്ള കേരളത്തിലെ 14 ജില്ലാ ആഫീസുകളിലെ ഉദ്യോഗസ്ഥരുടെ യാത്രാബത്ത അനുവദിക്കുന്നതിനായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 17,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിലെ ചെലവ് ബഡ്ജറ്റ് വിഹിതത്തിനുള്ളിൽതന്നെ നിന്നതിനാൽ അധിക തുക വേണ്ടി വന്നില്ല.

ശിപാർശ

3452-80-001-96-05-03

ജില്ലാ ആഫീസുകളിലെ ടെലിഫോൺ ചാർജ്ജിനത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 15,000 രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

<u>സ്വീകരിച്ച നടപടി</u>

3452-80-001-96-05-03—-ജില്ലാ ആഫീസുകൾ-ആഫീസ് ചെലവുകൾ-ടെലിഫോൺ ചെലവുകൾ ശീർഷകത്തിൽ 50,000 രൂപ സ.ഉ. (സാധാ) നമ്പർ 544/ 2021/ഫിൻ., തീയതി 22-1-2021 പ്രകാരം അധിക ധനവിനിയോഗാനുമതിയിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.

<u>ശിപാർശ</u>

3452-80-001-96-06

ടൂറിസം വകുപ്പിന് കീഴിലുള്ള ജില്ലാ ഓഫീസുകളുടെ കരം ഒടുക്കുന്നതിനും വാഗമൺ ടൂറിസ്റ്റ് കോംപ്ലക്സിന്റെ കെട്ടിട നികുതി 1,98,963 രൂപ അടയ്ക്കുന്നതിനുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 2.39 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

<u>സ്വീകരിച്ച നടപടി</u>

3452-80-001-96-06—ജില്ലാ ആഫീസുകൾ- വാടക, കരം, നികുതി ശീർഷകത്തിൽ 5 ലക്ഷം രൂപ സ.ഉ.(സാധാ.) നമ്പർ 6073/2020/ഫിൻ., തീയതി 22-10-2020 പ്രകാരം അധിക ധനവിനിയോഗാനുമതിയിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.

<u>ശിപാർശ</u>

3452-80-001-95-05-04

ടൂറിസം ഗസ്റ്റ് ഹൗസുകളുടെ ചെലവുമായി ബന്ധപ്പെട്ട ലോൺട്രി ബിൽ, കേബിൾ ടി. വി., വാടക, ക്ലീനിംഗ് തുടങ്ങിയവയ്ക്കായി അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 25.4 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

<u>സ്വീകരിച്ച നടപടി</u>

3452-80-001-95-05-04—ഗസ്റ്റ് ഹൗസുകളും യാത്രീനിവാസുകളും ടൂറിസ്റ്റ് ലോഡ്ജുകളും - ആഫീസ് ചെലവുകൾ - മറ്റിനങ്ങൾ ശീർഷകത്തിൽ 4 ലക്ഷം രൂപ സ.ഉ. (സാധാ.)നമ്പർ 2111/2021/ഫിൻ., തീയതി 7-3-2021 പ്രകാരം ധനപുനർ വിനിയോഗാനുമതിയിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.

ശിപാർശ

3452-80-001-95-34-03

ടൂറിസം ഗസ്റ്റ് ഹൗസുകളിൽ ഭക്ഷണം തയ്യാറാക്കുന്നതിന് ആവശ്യമായ സാധനങ്ങൾ വാങ്ങുന്നതിനുള്ള ചെലവുകൾക്കായി അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 28 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

സ്വീകരിച്ച നടപടി

3452-80-001-95—ഗസ്റ്റ് ഹൗസുകളും യാത്രീനിവാസുകളും ടൂറിസ്റ്റ് ലോഡ്ജുകളും-മറ്റ് ചെലവുകൾ-മറ്റിനം ശീർഷകത്തിൽ 14.66 ലക്ഷം രൂപ സ.ഉ. (സാധാ.)നമ്പർ 2111/2021/ഫിൻ., തീയതി 7-3-2021 പ്രകാരം ധനപുനർവിനിയോഗാനുമതിയിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.

ശിപാർശ

3452-80-800-22

ബഹു. രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി, മറ്റ് വി.വി.ഐ.പി.-കൾ തുടങ്ങിയവരുടെ സന്ദർശനവുമായി ബന്ധപ്പെട്ട ചെലവുകൾക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

സ്വീകരിച്ച നടപടി

3452-80-800-22—വി.വി.ഐ.പി. സന്ദർശനവുമായി ബന്ധപ്പെട്ട ചെലവുകൾ ശീർഷകത്തിൽ 173.80 ലക്ഷം രൂപ G.O.(Rt)No.5069/2020/Fin. dtd 3-9-2020, G.O.(Rt)No.5672/2020/Fin. dtd 5-10-2020, G.O.(Rt)No.6587/2020/Fin. dtd 15-11-2020, G.O(Rt) No.6820/2020/Fin. dtd 23-11-2020, G.O.(Rt)No.6828/2020/Fin. dtd 23-11-2020, G.O(Rt) No.7122/2020/Fin. dtd 3-12-2020, G.O.(Rt) No.7245/2020/Fin. dtd 14-12-2020, G.O(Rt)No. 1259/2021/Fin. dtd 12-2-2021, G.O(Rt)No.1635/2021/Fin. 20-2-2021,G.O(Rt)No.3091/2021/Fin. dtd 29-3-21 എന്നീ ഉത്തരവുകൾ പ്രകാരം അധിക ധനവിനിയോഗാനുമതിയിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.

എ.കെ ശശീന്ദ്രൻ,
*ചെയർമാൻ,*
സബ്ജക്ട് കമ്മിറ്റി X.

തിരുവനന്തപുരം,
2021 ജൂലൈ 5